**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1257** **10-10-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിൽ നിലവിൽ നടന്നു വരുന്ന പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | കുണ്ടറ മണ്ഡലത്തിൽ നിലവിൽ നടന്നു വരുന്ന പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവൃത്തിയായ **പെരിനാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണം 80% പൂർത്തിയായി.** |
| (ബി) | ഭരണാനുമതി ലഭ്യമായിട്ട് നാളിതുവരെ ടെണ്ടർ ആകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ടെണ്ടർ ആയിട്ടില്ലെങ്കിൽ ആയത് വൈകുന്നതിനുള്ള കാരണവും വിശദമാക്കാമോ; | (ബി) | **കുണ്ടറ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ട് ടെണ്ടർ ആകാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br>**1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പെരുമ്പുഴ എസ്.ആർ.വി ഗവ.എൽ.പി.എസ് നുള്ള സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ ത്തിനാവശ്യമായ റിക്വയർമെന്റ് സ്കൂൾ അധികൃതരിൽ നിന്നും ലഭിക്കേണ്ടതുണ്ട്.**<br>2. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ ഗവ യു.പി.എസ് മുക്കൂടിന്റെ പുതിയ കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ Drawing തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ കരാർ എടുത്തിട്ട് ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എതൊക്കയെന്നും കരാർ എഗ്രിമെന്റ് വച്ച തീയതി എന്നായിരുന്നുവെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് അനുവദനീയമായ സമയപരിധി കഴിഞ്ഞിട്ടും തുടങ്ങാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും അത്തരത്തിൽ പ്രവൃത്തി ആരംഭിക്കാത്തതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (സി) | **കുണ്ടറ മണ്ഡലത്തിൽ കരാർ എടുത്തിട്ട് ആരംഭിക്കാത്ത ആഡിറ്റോറിയം നിർമ്മാണ പ്രവൃത്തിയുടെ (മീനാക്ഷിവിലാസം ഹയർ സെക്കൻഡറി സ്കൂൾ പേരൂർ, കൊറ്റംങ്കര) കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ